LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

55 [143] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തു പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ മുഖ്യമന്ത്രിയുടെ ആഫീസിൽ സ്വീകരിക്കുന്നതിനു പകരം 'നോർക്ക' വകുപ്പിനെ ഈ ചുമതല കൂടി ഏൽപിച്ച് അപേക്ഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വിദേശത്തു തൊഴിൽതേടി പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് മുഖ്യമന്ത്രിയുടെ ഓഫീസിലോ നോർക്ക വകുപ്പിലോ അല്ല. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്'ന്റെ ആഫീസിൽ ആരംഭിച്ചിട്ടുള്ള കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിലാണ് പ്രസ്തുത അപേക്ഷകൾ സ്വീകരിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ച ശുദ്ധജല വിതരണ പദ്ധതി

56 [144] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ച ശുദ്ധജല വിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുവേണ്ടിയുള്ള ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഹെഡ്ഡിലാണെന്ന് അറിയിക്കാമോ;

(സി) ശുദ്ധജല വിതരണ പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ കുടിവെള്ള പദ്ധതി പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

GPM. 2/543/2012.—15